പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2669 | 17/10/2016 ൽമറുപടിയ്ക്ക്

## ചികിത്സാ സഹായ അപേക്ഷകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. തിരുവഞ്ചൂർരാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | അസുഖ ബാധിതരായ പാവങ്ങൾക്ക നൽകിവരുന്ന ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) | ധനസഹായത്തിനുള്ള അപേക്ഷകൾ ദിനംപ്രതി ലഭിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അർഹരായ എല്ലാ അപേക്ഷകർക്കും ധനസഹായം അനുവദിച്ചു വരുന്നു. അതിനാൽ അപേക്ഷകൾ കെട്ടിക്കിടക്കുകയാണ് എന്ന് പറയാനാവില്ല. |
| (ബി) | റിപ്പോർട്ട് സഹിതം നൽകുന്ന അപേക്ഷകൾവീണ്ടും ജില്ലാ കളക്ടർക്ക് അയച്ചുകൊടുക്കുന്നത് എന്തിനാണെന്ന് വിശദമാക്കുമോ; | (ബി) | ജില്ലാ കളക്ടറുടെ റിപ്പോർട്ട് (കുടുംബത്തിന്റെ വാർഷിക വരുമാനം, തുടങ്ങി അവശ്യം വേണ്ട വിവരങ്ങൾഉൾ ക്കൊള്ളുന്നവ) സഹിതം ലഭിക്കുന്ന അപേക്ഷകൾവീണ്ടും ജില്ലാ കളക്ടർക്ക് അയച്ചുകൊടുക്കാറില്ല. |
| (സി) | മുൻഗവൺ മെന്റിന്റെ കാലത്ത് ചികിത്സാ ധനസഹായമായി അനുവദിച്ച പണം എന്ന് കൊടുത്തു തീർക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച എല്ലാവർക്കും തുക വിതരണം ചെയ്തു വരുന്നു. |

സെക്ഷൻഓഫീസർ